എ.വൈ.ആർ

623

സൂറ-14

# ഇബ്റാഹീം

وَقَالَ ٱلشَّيۡطَٰنُ لَمَّا قُضِيَ ٱلۡأَمۡرُ إِنَّ ٱللَّهَ وَعَدَكُمۡ وَعۡدَ ٱلۡحَقِّ وَوَعَدتُّكُمۡ
فَأَخۡلَفۡتُكُمۡۖ وَمَا كَانَ لِيَ عَلَيۡكُم مِّن سُلۡطَٰنٍ إِلَّآ أَن دَعَوۡتُكُمۡ فَٱسۡتَجَبۡتُمۡ
لِيۖ فَلَا تَلُومُونِي وَلُومُوٓاْ أَنفُسَكُمۖ مَّآ أَنَا۠ بِمُصۡرِخِكُمۡ وَمَآ أَنتُم
بِمُصۡرِخِيَّۖ إِنِّي كَفَرۡتُ بِمَآ أَشۡرَكۡتُمُونِ مِن قَبۡلُۗ إِنَّ ٱلظَّٰلِمِينَ لَهُمۡ عَذَابٌ
أَلِيمٞ ٢٢

وَأُدۡخِلَ ٱلَّذِينَ ءَامَنُواْ وَعَمِلُواْ ٱلصَّٰلِحَٰتِ جَنَّٰتٖ تَجۡرِي مِن
تَحۡتِهَا ٱلۡأَنۡهَٰرُ خَٰلِدِينَ فِيهَا بِإِذۡنِ رَبِّهِمۡۖ تَحِيَّتُهُمۡ فِيهَا سَلَٰمٌ ٢٣

**22** വിധി കൽപിക്കപ്പെട്ടു കഴിയുമ്പോൾ ചെകുത്താൻ പറയും: യാഥാർഥ്യമെന്തെന്നാൽ അല്ലാഹു നിങ്ങൾക്കു നൽകിയ വാഗ്ദാനം സത്യവാഗ്ദാനമായിരുന്നു. ഞാനും നിങ്ങൾക്കു വാഗ്ദാനം നൽകി. പക്ഷേ, ഞാനതു ലംഘിച്ചു. നിങ്ങളിൽ എനിക്ക് ഒരധികാരവും ഉണ്ടായിരുന്നില്ല. ഞാൻ എന്റെ വഴിയിലേക്ക് ക്ഷണിച്ചു എന്നല്ലാതെ. നിങ്ങൾ ആ ക്ഷണം സ്വീകരിച്ചു. ആകയാൽ ഇപ്പോൾ നിങ്ങൾ എന്നെ കുറ്റപ്പെടുത്തേണ്ട. സ്വയം കുറ്റപ്പെടുത്തിക്കൊള്ളുക. ഇവിടെ എനിക്ക് നിങ്ങളെ രക്ഷിക്കാനാവില്ല. നിങ്ങൾക്ക് എന്നെ രക്ഷിക്കാനുമാവില്ല. നേരത്തെ നിങ്ങൾ എന്നെ അല്ലാഹുവിന്റെ പങ്കാളിയാക്കിയതിനെ ഞാൻ നിഷേധിക്കുന്നു. അത്തരം ധിക്കാരികൾക്ക് നോവേറിയ ശിക്ഷ സുനിശ്ചിതമാകുന്നു.
**23** നേരെ മറിച്ച് ഇഹലോകത്ത് സത്യവിശ്വാസം കൈക്കൊള്ളുകയും നന്മകളാചരിക്കുകയും ചെയ്തവർ താഴ്ഭാഗങ്ങളിലൂടെ ആറുകളൊഴുകുന്ന ആരാമങ്ങളിൽ പ്രവേശിക്കപ്പെടുന്നതാകുന്നു. വിധാതാവിന്റെ അനുമതിയോടെ അതിലവർ ശാശ്വതമായി വസിക്കും. സമാധാനാശംസകളോടെയായിരിക്കും അവരവിടെ സ്വാഗതം ചെയ്യപ്പെടുന്നത്.

وَقَالَ ٱلشَّيۡطَٰنُ= ചെകുത്താൻ പറ(യും)ഞ്ഞു لَمَّا قُضِيَ ٱلۡأَمۡرُ= കാര്യം വിധിക്കപ്പെട്ടപ്പോൾ (വിധികൽപിക്കപ്പെട്ടു കഴിയുമ്പോൾ)
إِنَّ ٱللَّهَ وَعَدَكُمۡ= തീർച്ചയായും അല്ലാഹു നിങ്ങൾക്കു വാഗ്ദാനം ചെയ്തു (യാഥാർഥ്യമെന്തെന്നാൽ അല്ലാഹു നിങ്ങൾക്കു നൽകിയ വാഗ്ദാനം)
وَعۡدَ ٱلۡحَقِّ= സത്യവാഗ്ദാനം(ആയിരുന്നു) وَوَعَدتُّكُمۡ= ഞാനും നിങ്ങൾക്കു വാഗ്ദാനം നൽകി
فَأَخۡلَفۡتُكُمۡۖ= (പക്ഷെ അത്) ഞാൻ നിങ്ങളോടു ലംഘിച്ചു وَمَا كَانَ لِيَ= എനിക്ക് ഉണ്ടായിരുന്നില്ല عَلَيۡكُم= നിങ്ങളുടെ മേൽ
مِّن سُلۡطَٰنٍ= യാതൊരു അധികാരവും إِلَّآ أَن دَعَوۡتُكُمۡ= ഞാൻ നിങ്ങളെ (എന്റെ വഴിയിലേക്ക്) ക്ഷണിച്ചു എന്നല്ലാതെ
فَٱسۡتَجَبۡتُمۡ لِيۖ= അപ്പോൾ നിങ്ങൾ എനിക്ക് ഉത്തരം നൽകി (ആ ക്ഷണം സ്വീകരിച്ചു)

فَلَا تَلُومُونِي= ആകയാൽ നിങ്ങൾ എന്നെ കുറ്റപ്പെടുത്തേണ്ട وَلُومُوٓا۟ أَنفُسَكُم= നിങ്ങളെ(സ്വയം) കുറ്റപ്പെടുത്തിക്കൊള്ളുക

مَّآ أَنَا۠= ഞാൻ അല്ല (ഇവിടെ എനിക്ക് ആവില്ല) بِمُصْرِخِكُمْ= നിങ്ങളുടെ രക്ഷകൻ (രക്ഷിക്കാൻ)

وَمَآ أَنتُم= നിങ്ങൾ അല്ല (നിങ്ങൾക്ക് ആവില്ല) بِمُصْرِخِىَّ= എന്റെ രക്ഷകരും (എന്നെ രക്ഷിക്കാനും)

إِنِّى كَفَرْتُ= ഞാൻ നിഷേധിച്ചിരിക്കുന്നു, ഉത്തരവാദിത്വമൊഴിയുന്നു

بِمَآ أَشْرَكْتُمُونِ= നിങ്ങൾ എന്നെ അല്ലാഹുവിന്റെ (ദിവ്യത്വത്തിൽ) പങ്കാളിയാക്കിയതിനെ مِن قَبْلُ= നേരത്തെ

إِنَّ ٱلظَّـٰلِمِينَ= തീർച്ചയായും(അത്തരം) ധിക്കാരികൾ لَهُمْ= അവർക്കുണ്ട്(സുനിശ്ചിതമാകുന്നു) عَذَابٌ أَلِيمٌ= നോവേറിയ ശിക്ഷ

وَأُدْخِلَ= (നേരെ മറിച്ച്) പ്രവേശിക്കപ്പെട്ടു(ടും) ٱلَّذِينَ ءَامَنُوا۟= സത്യവിശ്വാസം കൈക്കൊണ്ടവരെ(കൈക്കൊള്ളുകയും)

وَعَمِلُوا۟ ٱلصَّـٰلِحَـٰتِ= സൽകർമങ്ങളാചരിക്കുകയും ചെയ്തവരെ جَنَّـٰتٍ= ആരാമങ്ങളിൽ

تَجْرِى مِن تَحْتِهَا= അതിന്റെ താഴ്ഭാഗത്തിലൂടെ ഒഴുകുന്നു ٱلْأَنْهَـٰرُ= ആറുകൾ

خَـٰلِدِينَ فِيهَا= അതിൽ അവർ ശാശ്വത(മായി വസിക്കും)രായ നിലയിൽ بِإِذْنِ رَبِّهِمْ= അവരുടെ വിധാതാവിന്റെ അനുമതിയോടെ

تَحِيَّتُهُمْ= അവരുടെ അഭിവാദ്യം (അവർ സ്വാഗതം ചെയ്യപ്പെടുന്നത്)

فِيهَا= അവിടെ سَلَـٰمٌ= സമാധാനം(സമാധാനാശംസകളോടെയായിരിക്കും)

**22:** മുൻ സൂക്തത്തിൽ വിചാരണാ നാളിൽ ശക്തരും അശക്തരും തമ്മിൽ, അഥവാ നേതാക്കളും ആചാര്യന്മാരും അവരുടെ ശിഷ്യന്മാരും നീതരും തമ്മിലുണ്ടാകുന്ന സംഭാഷണം പരാമർശിച്ചുകൊണ്ട് അന്ന് ഇരു വിഭാഗവും ഒരുപോലെ നിരാലംബരും നിസ്സഹായരുമായിരിക്കുമെന്ന് ചൂണ്ടിക്കാണിച്ചുവല്ലോ. അവരോടൊപ്പം ചെകുത്താനും ആ സഭയിലുണ്ടായിരിക്കും. രണ്ടു കൂട്ടരെയും ഈ ആപൽഗർത്തത്തിലെത്തിച്ചത് അവനാണല്ലോ. അതുകൊണ്ട് നേതാക്കളും നീതരുമെല്ലാം അവന്റെ നേരെ തിരിയുന്നു. നീ ഞങ്ങൾക്ക് എണ്ണമറ്റ മോഹന വാഗ്ദാനങ്ങൾ നൽകിയിരുന്നുവല്ലോ. നിന്നെ അനുസരിച്ചു നടന്നാൽ ഭൗതിക ജീവിതം തന്നെ സ്വർഗമാകും, മരണാനന്തരം ഉയിർത്തെഴുന്നേൽപോ വിചാരണയോ ഇല്ല, ഉണ്ടെങ്കിൽ തന്നെ ഇന്നയിന്ന വിഗ്രഹങ്ങളെ അല്ലെങ്കിൽ പുണ്യാത്മാക്കളെയും സിദ്ധന്മാരെയും, അതുമല്ലെങ്കിൽ മലക്കുകളെയും ജിന്നുകളെയും ആകാശ ഗോളങ്ങളെയും ആരാധിച്ചാൽ, അവർ അല്ലാഹുവിനോട് ശിപാർശ ചെയ്ത് എല്ലാ പാപങ്ങളിൽനിന്നും അതിനുള്ള ശിക്ഷയിൽനിന്നും നിങ്ങളെ മോചിപ്പിച്ച് സ്വർഗത്തിലെത്തിച്ചുകൊള്ളും എന്നൊക്കെ. നീ, ഇല്ലെന്ന് വിശ്വസിപ്പിച്ച ഉയിർത്തെഴുന്നേൽപിനെയും വിചാരണാ സഭയെയും അഭിമുഖീകരിച്ചിരിക്കുകയാണ് ഞങ്ങളിപ്പോൾ. ഞങ്ങളെ രക്ഷിക്കാനും സ്വർഗത്തിലേക്ക് നയിക്കാനും ഇവിടെ കാത്തുനിൽപുണ്ടാവുമെന്ന് നീ പറഞ്ഞ ദേവീദേവന്മാരെയോ ഔലിയാക്കളെയോ സിദ്ധന്മാരെയോ ജിന്നുകളെയോ മലക്കുകളെയോ ഒന്നും ഇവിടെ കാണുന്നില്ല. അല്ലാഹുവാകട്ടെ അവന്റെ പ്രവാചകന്മാരിലൂടെ വാഗ്ദത്തം ചെയ്ത രക്ഷാശിക്ഷകൾ ഇതാ വിധിച്ചു കഴിഞ്ഞിരിക്കുന്നു. ഞങ്ങൾ കൊടിയ ശിക്ഷക്ക് വിധിക്കപ്പെട്ടിരിക്കുന്നു. നീ പറഞ്ഞ ശിപാർശകരില്ലെങ്കിൽ പോകട്ടെ, നീയെങ്കിലും മുന്നോട്ടുവന്ന് ഞങ്ങളെ രക്ഷിക്കണം. ഈ ആവശ്യത്തോടുള്ള ചെകുത്താന്റെ പ്രതികരണമാണ് പ്രകൃത സൂക്തം.

സഖാക്കളെ, അല്ലാഹു നിങ്ങളോടു ചെയ്ത വാഗ്ദാനങ്ങളൊക്കെയും സത്യമായിരുന്നു. അനിവാര്യമായും സഫലമാക്കേണ്ടതായിരുന്നു. അവൻ നിശ്ചയിച്ച സമയത്ത് അത് സഫലമാവുകയും ചെയ്തിരിക്കുന്നു. ഇതിനെക്കുറിച്ച് മുന്നറിയിപ്പു നൽകാൻ തന്നെയായിരുന്നു അവൻ പ്രവാചകന്മാരെ അയച്ചത്. എന്നാൽ ഞാൻ നിങ്ങൾക്കു നൽകിയ വാഗ്ദാനങ്ങളെല്ലാം കള്ളമായിരുന്നു. നിങ്ങളെ വ്യാമോഹിപ്പിച്ച് വഴി തെറ്റിക്കുകയായിരുന്നു ഞാൻ. അതായിരുന്നു എന്റെ ദൗത്യം. അതുകൊണ്ട് അല്ലാഹുവിന്റെ വാഗ്ദാനം സഫലമാകേണ്ടത് എപ്രകാരം അനിവാര്യമാണോ അതേ പ്രകാരം അനിവാര്യമാണ് എന്റെ വാഗ്ദാനം നിഷ്ഫലമാകേണ്ടത്. വാസ്തവത്തിൽ ഞാൻ വിചാരിച്ചാൽ പോലും നിറവേറ്റാനാകുന്നതല്ല എന്റെ വാഗ്ദാനം. അത് നിറവേറ്റാൻ ശ്രമിക്കുക എന്നത് എന്റെ പ്രകൃതിയിൽ പെട്ടതുമല്ല. ഞാൻ നൽകിയിട്ടുള്ള മോഹന വാഗ്ദാനങ്ങളൊക്കെയും ലംഘിക്കപ്പെടുന്നതിനു വേണ്ടി മാത്രമുള്ളതായിരുന്നു.

എന്നാൽ നിങ്ങളുടെ ഈ ദുർഗതിക്കുത്തരവാദി ഞാനാണ് എന്ന വാദം ഒട്ടും ശരിയല്ല. നിങ്ങളുടെ മേൽ എനിക്കൊരധികാരവുമുണ്ടായിരുന്നില്ല. നിങ്ങൾ ചിന്തിച്ചു കാര്യങ്ങൾ ഗ്രഹിക്കാനും നന്മതിന്മകളിൽ ഇഷ്ടമുള്ളത് തെരഞ്ഞെടുക്കാനും പൂർണ സ്വാതന്ത്ര്യമുള്ളവരായിരുന്നു. ആരെയും ബലാൽക്കാരം എന്റെ വരുതിയിലേക്ക് കൊണ്ടുവരാനുള്ള കഴിവ് എനിക്കുണ്ടായിരുന്നില്ല. ഞാൻ നിങ്ങളെ വ്യാമോഹിപ്പിച്ചു, തെറ്റിധരിപ്പിച്ചു, പ്രലോഭിപ്പിച്ചു, പ്രകോപിപ്പിച്ചു. ഒക്കെ ശരിയാണ്. അപ്പോഴൊക്കെ എന്റെ വിളിയുടെ യാഥാർഥ്യം മനസ്സിലാക്കാനുള്ള ബുദ്ധിയും വിവേചനശക്തിയും സന്മാർഗം തെരഞ്ഞെടുക്കാനും ദുർമാർഗം തിരസ്കരിക്കാനുമുള്ള സ്വാതന്ത്ര്യവും നിങ്ങൾക്കുണ്ടായിരുന്നു. ഞാനും എന്റെ കിങ്കരന്മാരും ദുർമാർഗത്തിലേക്ക് ക്ഷണിക്കുമ്പോൾ അല്ലാഹുവിന്റെ പ്രവാചകന്മാരും പ്രബോധകന്മാരും നിങ്ങളെ സന്മാർഗത്തിലേക്കും വിളിക്കുന്നുണ്ടായിരുന്നു. നിങ്ങൾ സ്വന്തം വിവേചന ശക്തിയും സ്വാതന്ത്ര്യവും ദുരുപയോഗിച്ച് എന്നെ പിൻപറ്റുകയും പ്രവാചകന്മാരെ നിരാകരിക്കുകയും ചെയ്തു. ചെകുത്താൻ എന്ന നിലയിൽ ചെയ്യേണ്ടതാണ് ഞാൻ ചെയ്തത്. പ്രവാചകന്മാർ അവരുടെ ദൗത്യവും നിർവഹിച്ചു. ബുദ്ധിയും വിവേചനശക്തിയും സ്വാതന്ത്ര്യവും ശരിയാംവണ്ണം ഉപയോഗിച്ച് സന്മാർഗം കണ്ടെത്തുകയും പിൻപറ്റുകയും ചെയ്യുക എന്ന നിങ്ങളുടെ ഉത്തരവാദിത്വം നിങ്ങൾ നിർവഹിച്ചില്ല. അതിന്റെ ഫലമായാണ് നിങ്ങൾ

ഈ പരിണതിയിലെത്തിയത്. അതിന് പിന്നെ പഴിച്ചിട്ട് കാര്യമില്ല. നിങ്ങൾ പഴിക്കേണ്ടത് നിങ്ങളെത്തന്നെയാണ്.

ഇവിടെ അക്രമികളെയും പാപികളെയും രക്ഷിക്കാൻ ദേവീദേവന്മാരോ സിദ്ധന്മാരോ ഔലിയാക്കളോ ഉണ്ടാകുമെന്ന് ഞാൻ കളവു പറഞ്ഞതായിരുന്നു. അപ്പോൾ പ്രവാചകന്മാരും വേദപുസ്തകവും നിങ്ങളോടു പറഞ്ഞിരുന്നില്ലേ,

ما للظّالمين من حميم وشفيع مطاع (അക്രമികൾക്ക് ഉറ്റ സഖാക്കളോ അനുസരിക്കപ്പെടുന്ന ശിപാർശകരോ ഒന്നുമുണ്ടായിരിക്കുകയില്ല) എന്ന്. പക്ഷേ, നിങ്ങൾ യാതൊരു തെളിവുമില്ലാതെ ഞാനുതിർത്ത കളവുകൾ കൈക്കൊണ്ടു. പ്രവാചകന്മാർ പറഞ്ഞ സത്യങ്ങൾ അവഗണിച്ചു. ഇവിടെ എനിക്ക് നിങ്ങളെയോ നിങ്ങൾക്ക് എന്നെയോ രക്ഷിക്കാനാവില്ല. مَّآ أَنَا۠ بِمُصْرِخِكُمْ وَمَآ أَنتُم بِمُصْرِخِيَّ എന്നാണ് മൂലവാക്യം. صراخ ൽ നിന്നുള്ളതാണ് مصرخ. സഹായത്തിനു വേണ്ടിയുള്ള നിലവിളിയാണ് صراخ. ഇതിൽനിന്നുള്ള ക്രിയ صرخ. അറബിഭാഷയിൽ ചില ക്രിയാപദങ്ങളിൽ ആ ക്രിയക്ക് നിമിത്തമായ സംഗതിക്ക് നിവാരണം ചെയ്യുക എന്നർഥം കിട്ടാൻ ആദിയിൽ ഹംസഃ (أ) ചേർക്കുകയോ അല്ലെങ്കിൽ അതിലെ ഏതെങ്കിലും അക്ഷരം ഇരട്ടിപ്പിക്കുകയോ ചെയ്യാറുണ്ട്. ഇതനുസരിച്ച് صرخ യെ أصرخ ആക്കുമ്പോൾ നിലവിളി കേട്ട് വന്ന് നിലവിളിക്ക് നിമിത്തമായ കഷ്ടം നീക്കിക്കൊടുക്കുക എന്നർഥം ലഭിക്കുന്നു. أصرخ യുടെ കർതൃപദമാണ് مصرخ. അക്ഷരം ഇരട്ടിപ്പിച്ച് ഇങ്ങനെ അർഥം മാറ്റിയ പദത്തിനുദാഹരണമാണ് مرِض (രോഗിയായി)യിൽ നിന്നുള്ള مرّض. രോഗിയെ ശുശ്രൂഷിച്ചു അഥവാ രോഗം നീക്കി എന്നർഥമാണ് مرّضക്ക്. നിങ്ങളുടെ നിലവിളികേട്ട് ഓടിവന്ന് വല്ല സഹായവും ചെയ്തു തരാൻ എനിക്കോ, എന്റെ നിലവിളികേട്ട് സഹായത്തിനെത്താൻ നിങ്ങൾക്കോ സാധ്യമല്ല എന്നാണ് ചെകുത്താൻ പറയുന്നത്. അല്ലാഹുവല്ലാത്ത ആർക്കും ഇന്ന് ഒരു അധികാരവുമില്ല.

يَوْمَ هُم بَٰرِزُونَ ۖ لَا يَخْفَىٰ عَلَى ٱللَّهِ مِنْهُمْ شَىْءٌ ۚ لِّمَنِ ٱلْمُلْكُ ٱلْيَوْمَ ۖ لِلَّهِ ٱلْوَٰحِدِ ٱلْقَهَّارِ ﴿١٦﴾

(മർത്യരാസകലം മറയില്ലാതെ വെളിപ്പെടുന്ന ആ നാളിൽ അവരുടെ യാതൊരു കാര്യവും അല്ലാഹുവിനു അഗോചരമായിരിക്കുകയില്ല. ചോദിക്കപ്പെടും: ഇന്ന് അധികാരം ആർക്കാകുന്നു? പ്രത്യുത്തരമുണ്ടാകുന്നു: സകലത്തെയും അടക്കിഭരിക്കുന്ന അല്ലാഹുവിന്നു മാത്രം – 40:16)

നിങ്ങൾ പണ്ട് എന്നെ അല്ലാഹുവിന്റെ പങ്കാളിയാക്കി ആരാധിച്ചിരുന്നതിനെ ഞാൻ നിഷേധിക്കുന്നു. ഞാൻ ബലാൽക്കാരം നിർബന്ധിച്ചിട്ടല്ല നിങ്ങളെന്നെ ദൈവമാക്കിയതും ആരാധിച്ചതും. അതുകൊണ്ട് അതിലും എനിക്ക് യാതൊരുത്തരവാദിത്വവുമില്ല.

إِنِّى كَفَرْتُ (ഞാൻ നിഷേധിച്ചു) എന്നാണ് മൂലവാക്യം. ഇതിന്റെ താൽപര്യം വിചാരണാ സഭയിൽ വെച്ചു നിഷേധിച്ചു എന്നാവാം. അല്ലെങ്കിൽ ഇഹലോകത്ത് എന്നെ ദൈവത്തിന്റെ പങ്കാളിയാക്കാൻ ഞാൻ നിങ്ങളെ പ്രേരിപ്പിച്ചിരുന്നുവെങ്കിലും അത് സത്യനിഷേധമാണ് എന്ന് അന്നേ എനിക്കറിയാമായിരുന്നു എന്നുമാവാം. രണ്ടായാലും ആരാധനകൊണ്ട് ഇപ്പോൾ എന്നിൽനിന്ന് ഒരു സഹായവും പ്രതീക്ഷിക്കേണ്ട എന്നർഥം. അല്ലാഹു അല്ലാത്തവരെ അവന്റെ പങ്കാളികളാക്കി ആരാധിക്കുകയും അനുസരിക്കുകയും ചെയ്ത മഹാപാതകികൾക്ക് വേദനയേറിയ ശിക്ഷമാത്രമാണ് ഇവിടെ ലഭിക്കാനുള്ളത്.

ഇവിടെ 'നിങ്ങൾ എന്നെ ദൈവത്തിന്റെ പങ്കാളികളാക്കി' -أَشْرَكْتُمُونِ- എന്ന ചെകുത്താന്റെ പ്രസ്താവന ശ്രദ്ധേയമാണ്. ചെകുത്താനെ, ചെകുത്താനാണ് എന്നംഗീകരിച്ചുകൊണ്ട് ആരും ദൈവത്തിന്റെ പങ്കാളിയാക്കുകയോ ആരാധിക്കുകയോ അനുസരിക്കുകയോ ചെയ്യുന്നില്ല. പക്ഷേ, ദുർവിചാരങ്ങളെയും ദുർവികാരങ്ങളെയും തെറ്റാണ് എന്നറിഞ്ഞുകൊണ്ടുതന്നെ മനുഷ്യൻ പലപ്പോഴും അനുസരിക്കുന്നു. ദുർവികാരങ്ങളും ദുർവിചാരങ്ങളും ചെകുത്താനിൽ നിന്നുണ്ടാകുന്നതാണ്. അപ്പോൾ അവയെ അനുസരിക്കുന്നത് ചെകുത്താനെ അനുസരിക്കലാകുന്നു. പാപകൃത്യങ്ങളും ദുർവികാരങ്ങളും ദൈവശാസനകൾ പോലെ ന്യായവും അനുസരിക്കപ്പെടേണ്ടതുമാണെന്ന ഭാവത്തിൽ അനവർത്തിക്കുമ്പോൾ അത് ചെകുത്താനെ അല്ലാഹുവിനു തുല്യനാക്കലും ആരാധിക്കലുമായിത്തീരുന്നു.

ഈ രീതിയിൽ ചെകുത്താനെ ശപിക്കുകയും ഭർത്സിക്കുകയും ചെയ്തുകൊണ്ടുതന്നെ മനുഷ്യർ പലപ്പോഴും ചെകുത്താനെ ദൈവതുല്യനാക്കുകയും അനുസരിക്കുകയും ചെയ്യുന്നു. അതായത് അഖീദയിൽ വിശ്വാസത്തിൽ ഏകദൈവവാദി -മുവഹ്ഹിദ്- ആയിരിക്കെത്തന്നെ കർമപര -عملى- മായി ആളുകൾ ശിർക്കിൽ അകപ്പെട്ടുപോകും. യഹൂദരും ക്രൈസ്തവരും അടിസ്ഥാനപരമായി ഏകദൈവവിശ്വാസികളാണ്. സൂറ *അത്തൗബ* 31-ാം സൂക്തത്തിൽ അവർ സ്വന്തം പുരോഹിതന്മാരെയും മതപണ്ഡിതന്മാരെയും അല്ലാഹുവിനെ കൂടാതെ വിധാതാക്കളായി വരിച്ചു എന്ന് പ്രസ്താവിച്ചിട്ടുണ്ട്. യഥാർഥത്തിൽ അവർ പണ്ഡിതന്മാരെയും പുരോഹിതന്മാരെയും വിധാതാക്കളായി കരുതുന്നില്ല. അവരുടെ വിധിവിലക്കുകൾ ചോദ്യം ചെയ്യാതെ അല്ലാഹുവിന്റെ വിധിവിലക്കുകളെന്നവണ്ണം അനുസരിക്കലാണ് അവരെ റബ്ബുകൾ- വിധാതാക്കൾ ആയി വരിക്കൽ എന്നാണ് അതിനു നബി(സ) നൽകിയ വിശദീകരണം. 42-21ൽ അല്ലാഹു അനുവദിക്കാത്ത നിയമങ്ങൾ നിർമിച്ചു നൽകുന്നവരെ ദൈവത്തിന്റെ പങ്കാളികൾ എന്ന് വിശേഷിപ്പിച്ചതായി കാണാം: أَمْ لَهُمْ شُرَكَٰٓؤُا۟ شَرَعُوا۟ لَهُم مِّنَ ٱلدِّينِ مَا لَمْ يَأْذَنۢ بِهِ ٱللَّهُ (അവർക്ക് അല്ലാഹു അനുവദിച്ചിട്ടില്ലാത്ത ധർമ മാർഗം നിയമിച്ചു കൊടുത്ത പങ്കാളികൾ (ബഹുദൈവങ്ങൾ) അവർക്കുണ്ടോ?). അല്ലാഹുവിന്റെ വിധിവിലക്കുകൾ മാനിക്കാതെ സ്വന്തം ദേഹേഛകൾക്ക് വഴിപ്പെടുന്നത് അവനവനെത്തന്നെ ദൈവമാക്കലാണെന്നും ഖുർആൻ വ്യക്തമാക്കുന്നുണ്ട് أَرَءَيْتَ مَنِ ٱتَّخَذَ إِلَٰهَهُۥ هَوَىٰهُ أَفَأَنتَ تَكُونُ عَلَيْهِ وَكِيلًا (സ്വേഛയെ ദൈവമാക്കിയവന്റെ അവസ്ഥയെക്കുറിച്ചു ചിന്തിച്ചിട്ടുണ്ടോ? അത്തരക്കാരെ നേർവഴിയിലാക്കാനുള്ള ചുമതലയേൽക്കാൻ നിനക്കു കഴിയുമോ?" – 25:43). അല്ലാഹുവിനു മാത്രമുള്ള അധികാരാവകാശങ്ങൾ അവനല്ലാത്തവർക്ക് വകവെച്ചു കൊടുക്കുന്നത് -അവർ അല്ലാഹുവിന്റെ പങ്കാളികളാണെന്ന് കരുതിയിട്ടായാലും അല്ലെങ്കിലും- ബഹുദൈവത്വ (ശിർക്ക്) മാണെന്നാണ് ഇതിൽനിന്ന് വ്യക്തമാകുന്നത്.

ആളുകൾ വിഗ്രഹങ്ങളെയും സിദ്ധന്മാരെയും പുണ്യാത്മാക്കളെയുമൊക്കെ ആരാധിക്കുന്നത് അവർ ഉപദൈവങ്ങളോ ദൈവശക്തികളിൽ പങ്കുള്ളവരോ ആണെന്നു വിശ്വസിച്ചാണ്. ചെകുത്താനാണ് ഇങ്ങനെ വിശ്വസിക്കാനും ആരാധിക്കാനും അവരെ പ്രേരിപ്പിക്കുന്നത്. ആ നിലക്ക് അത്തരം സൃഷ്ടികൾക്കുള്ള ആരാധനയും ആത്യന്തിക

മായി ചെകുത്താനുള്ള ആരാധനയാകുന്നു.

**23:** മുകളിൽ പറഞ്ഞ, ദൈവിക സന്ദേശം തള്ളിക്കളഞ്ഞ് പൈശാചിക പ്രചോദനങ്ങൾ പിന്തുടർന്നവരുടെ ഗതിക്ക് നേരെ വിപരീതമാണ് പൈശാചിക പ്രചോദനങ്ങളെ അവഗണിച്ച് ദൈവിക സന്ദേശം പിന്തുടർന്നവരുടെ ഗതി. അവർ സ്വർഗത്തിലേക്ക് നയിക്കപ്പെടുന്നു. അപാരമായ സൗന്ദര്യത്തിന്റെയും സൗകര്യത്തിന്റെയും കേന്ദ്രമാണ് സ്വർഗം. സജ്ജനങ്ങൾ പ്രവേശിപ്പിക്കപ്പെടുന്ന സ്വർഗത്തിൽ അവരുടെ ജീവിതം ഇഹലോകത്തിലേതുപോലെ ക്ഷണികമായിരിക്കുകയില്ല. അനന്തമായി നീണ്ടുപോകുന്നതായിരിക്കും. അവർ അവിടെ സ്വീകരിക്കപ്പെടുക അഭയം ചോദിച്ചു വന്നവരെപ്പോലെയോ ആവശ്യമില്ലാതെ വലിഞ്ഞു കയറിവന്നവരെപ്പോലെയല്ല; ആദരണീയരായ വിശിഷ്ടാതിഥികളായിട്ടായിരിക്കും. മലക്കുകൾ അവർക്ക് ശാശ്വത സമാധാനമാശംസിക്കുന്നു.

حياتൽ നിന്നുള്ളതാണ് تحية. ദീർഘായുസ്സ് നേരുക എന്നാണ് ഭാഷാർഥം. സ്വാഗതം, അഭിവാദ്യം എന്നൊക്കെ സാങ്കേതികാർഥം. سلام ന്റെ പശ്ചാത്തലത്തിൽ تَحِيَّتُهُمْ എന്നതിന് അഭിവാദനരീതി എന്നും അർഥമാവാം. കാരണം سلام ആശംസാ വചനമെന്നപോലെ അഭിവാദന വചനമായും ഉപയോഗിക്കാറുണ്ട്. എല്ലാ സുഖങ്ങളെയും ഉൾക്കൊള്ളുന്നതാണ് സമാധാനം. എല്ലാ സുഖങ്ങളും ഉണ്ടെങ്കിലും സമാധാനമില്ലെങ്കിൽ ഒരു സുഖവും പൂർണമായി അനുഭവിക്കാനാവില്ല. പൂർണ സമാധാനമുണ്ടെങ്കിൽ മറ്റു സൗഖ്യോപാധികളൊന്നുമില്ലെങ്കിലും എല്ലാം ഉള്ളതുപോലെ ആനന്ദവും സംതൃപ്തിയുമുണ്ടാകും. അപ്പോൾ പൂർണ സമാധാനവും ഒപ്പം എല്ലാ സുഖസൗകര്യോപാധികളും കൂടിയുണ്ടെങ്കിലുള്ള അവസ്ഥ അവർണനീയമാകുന്നു. അതാണ് സ്വർഗീയാവസ്ഥ. ■

## തിരുത്തുകൾ

*പ്രബോധനം* വാരിക വാള്യം 68 ലക്കം 2 ലെ *ഖുർആൻ ബോധന*ത്തിൽ(നം. 617), പേജ് 26ൽ സൂറകളുടെ തുടക്കത്തിലുള്ള ഒറ്റയക്ഷരങ്ങൾ സ്വതന്ത്ര സൂക്തങ്ങളായി വന്നതിനുള്ള ഉദാഹരണമാണ് സൂറ ق എന്നെഴുതിയതിനെക്കുറിച്ച്, മുസ്ഹഫുകളിൽ ق സ്വതന്ത്ര സൂക്തമായിട്ടല്ല രേഖപ്പെടുത്തിയിട്ടുള്ളതെന്നും ق والقرآن المجيد എന്നാണ് പ്രഥമ സൂക്തം രേഖപ്പെടുത്തിയിട്ടുള്ളതെന്നും പുത്തൂരിൽനിന്ന് എം. അബ്ദുല്ലക്കുട്ടി അറിയിച്ചിരിക്കുന്നു.

ഇക്കാര്യത്തിൽ അഭിപ്രായ വ്യത്യാസമുണ്ടെന്നാണ് മനസ്സിലാകുന്നത്. അല്ലാ മുഹമ്മദ് മുതവല്ലി ശഅ്റാവി തന്റെ തഫ്സീറുശ്ശഅ്റാവി (വാ: 13 പേജ് 7421)യിൽ പ്രസ്താവിച്ചതിനെയാണ് എ.വൈ.ആർ അവലംബിച്ചത്. ഒറ്റയക്ഷരങ്ങൾ സ്വതന്ത്ര സൂക്തമായി വന്നതിന് കൂടുതൽ സ്വീകാര്യമായ ഉദാഹരണം സൂറ അൽബഖറയുടെ തുടക്കത്തിലുള്ള الم ആണ്.

അതേ ലക്കം 25-ാം പേജിൽ കൊടുത്ത Extention എന്ന പദത്തിന്റെ സ്പെല്ലിംഗ് തെറ്റാണെന്നും Extension ആണ് ശരിയെന്നും ഡോ. അഹ്മദ് സാഹിബ് അറിയിച്ചിരിക്കുന്നു.

പിശകുകൾ ചൂണ്ടിക്കാണിച്ച മാന്യവായനക്കാർക്കു നന്ദി.

*പ്ര.പ*